# കേരള സർക്കാർ
## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ. 5495

2016 നവംബർ 2-ലെ മറുപടിക്ക്

### ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ അധികാരങ്ങൾ

| ചോദ്യം<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. സി.എഫ്. തോമസ്<br>ഡോ. എൻ. ജയരാജ് | ഉത്തരം<br>ബഹു: ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|
| (എ) സെക്രട്ടേറിയറ്റിലെ ധനകാര്യ വകുപ്പ് പരിശോധനാ വിഭാഗത്തിന് ഏതെല്ലാം ഓഫീസുകളിൽ പരിശോധന നടത്തുന്നതിനാണ് അധികാരമുള്ളതെന്ന് വ്യക്തമാക്കാമോ; | ധനകാര്യ വകുപ്പ് പരിശോധനാ വിഭാഗത്തിന് സർക്കാർ ഓഫീസുകൾ, സർക്കാരിന് കീഴിലുള്ള വിവിധ കോർപ്പറേഷനുകൾ, ബോർഡുകൾ, സർക്കാർ സഹായം ലഭിക്കുന്ന ഏജൻസികൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പരിശോധന നടത്താവുന്നതാണ്. |
| (ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ടി വകുപ്പ് പ്രതിവർഷം എത്ര ഓഫീസുകൾ പരിശോധനയ്ക്ക് വിധേയമാക്കിയെന്നും, എത്രയിടങ്ങളിലെ സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചുവെന്നും വ്യക്തമാക്കാമോ; | വിവരം ശേഖരിച്ചു വരുന്നു. |
| (സി) പരിശോധനാ വേളയിൽ പോലീസ് വകുപ്പിന് കീഴിലുള്ള ഓഫീസുകളിലെ സീക്രട്ട് ഫണ്ട് ഉൾപ്പെടെയുള്ള വിഷയങ്ങൾ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | വിവരം ശേഖരിച്ചു വരുന്നു. |

| | |
|---|---|
| (ഡി) പോലീസ് വകുപ്പിന് കീഴിലുള്ള ഓഫീസുകളിൽ പൊതുജനങ്ങളിൽ നിന്ന് നേരിട്ടും അല്ലാതെയും ഏതൊക്കെ രീതിയിലാണ് പണം ലഭ്യമാകുന്നതെന്ന് ധനകാര്യ വകുപ്പിന് അറിവുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ? | വിവരം ശേഖരിച്ചു വരുന്നു. |
| (ഇ) പോലീസ് വകുപ്പിന് കീഴിലുള്ള ഇത്തരം ഓഫീസുകളിൽ ലഭിക്കുന്ന പിഴ, പെറ്റി, എന്നിവ ഉൾപ്പെടെയുള്ള എല്ലാ റവന്യൂവും കൃത്യമായി ഖജനാവിലേക്ക് അടയ്ക്കുന്നുണ്ടോയെന്നും, അതിന് കൃത്യമായ അക്കൗണ്ടുകളും, രേഖകളും സൂക്ഷിക്കുന്നുണ്ടോയെന്നും കണ്ടെത്തുവാൻ ധനകാര്യ പരിശോധനാ വിഭാഗം കൂടുതൽ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; ഈ വിഷയത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | പോലീസ് വകുപ്പിന് കീഴിലുള്ള ഓഫീസുകളിൽ പരിശോധന വ്യാപിപ്പിക്കുന്നതിനുവേണ്ട കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**